DESPATCHED
On 17/3/23..



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 2127(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 14987/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2023 മാർച്ച് 9

ശ്രീ. കണിയാത്ത് ബാബു
S/o പെരച്ചൻ (Late),
സാന്ദ്രച്ഛായം,
Near ഐ.ഐ.എം(കെ) മെയിൻ ഗേയ്റ്റ്,
പി.ഒ.കുന്ദമംഗലം,
കോഴിക്കോട് - 673 571

} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റവന്യൂ ഡിവിഷണൽ ഓഫീസ്,
സബ് കളക്ടറുടെ കാര്യാലയം, കോഴിക്കോട്.
2) അപ്പീൽ അധികാരി &
സബ് കളക്ടർ,
റവന്യൂ ഡിവിഷണൽ ഓഫീസ്,
സബ് കളക്ടറുടെ കാര്യാലയം, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02/07/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/07/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/08/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 28/09/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30/09/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/10/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19/11/2022 |

## ഉത്തരവ്

ശ്രീ. കണിയാത്ത് ബാബു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച രണ്ടാം അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ ആവശ്യപ്പെട്ട വിവരം യഥാസമയം ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടും ഇതുവരെയായി യാതൊരു നടപടിയും ഉണ്ടാകാത്തതിനാലാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുന്നതെന്നുമാണ്.

2. ഹർജിക്കാരൻ 02.07.2022 ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത്, എ1-12582/2015 നമ്പർ ഫയലിലെ നിജസ്ഥിതിയാണ്. പ്രസ്തുത അപേക്ഷയ്ക്ക് 12.07.2022 തീയതി എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ, ടി ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ എ1 12582/15 എന്ന നമ്പറിൽ ഒരു ഫയൽ ടി ഓഫീസിൽ ലഭ്യമല്ലെന്നുമാണ്. തുടർന്ന് ഹർജിക്കാരൻ 30.08.2022 തീയതി രണ്ടാം എതിർകക്ഷിയായ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 01.02.2023 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. കണിയാത്ത് ബാബു സമർപ്പിച്ച അപ്പീൽ അപേക്ഷയിൻമേൽ ഹർജിക്കാരനെ നേരിൽ കേൾക്കുകയും ആയതിൽ വിവരാവകാശ നിയമപ്രകാരം ടിയാൻ ആവശ്യപ്പെട്ടിരുന്നത് ടി ഓഫീസിലെ എ1 12582/2015 നമ്പർ ഫയലിലെ രേഖകളാണെന്നും എന്നാൽ ടി ഫയലോ രേഖകളോ ലഭ്യമല്ലെന്ന മറുപടി ലഭിച്ചിട്ടുണ്ടെന്നും ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നത് ഒരു വഴി തടസ്സപ്പെട്ടതുമായി ബന്ധപ്പെട്ട ഫയലാണെന്നും എന്നാൽ അത് എ1-12582/2015 നമ്പർ ഫയലാണോ എന്നിപ്പോൾ സംശയമുണ്ടെന്നും ആയത് പരിശോധിച്ച് വ്യക്തത വരുത്തുവാൻ കുറച്ച് സമയം അനുവദിക്കണമെന്നും വിചാരണ വേളയിൽ അറിയിച്ചു എന്നും ആയതുപ്രകാരം സമയം അനുവദിക്കുകയും വ്യക്തമായ ഫയൽ നമ്പർ അറിയിക്കുന്ന മുറയ്ക്ക് ഫയൽ ലഭ്യമെങ്കിൽ ആയതിലെ പകർപ്പുകൾ നൽകാമെന്നും അറിയിച്ചിട്ടുള്ളതാണെന്നും ഹർജിക്കാരൻ 30.8.2022-ന് ടി ഓഫീസിൽ നേരിട്ട് ഹാജരായി ഒന്നാം അപ്പീൽ സമർപ്പിക്കുകയും പി.ഐ.ഒ. മുമ്പാകെ ആവശ്യപ്പെട്ട ഫയലിലെ രേഖകൾ ലഭിച്ചില്ലെന്നും ആയത് ലഭിക്കാത്തതിനുള്ള കാരണവുമാണ് അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും ഹർജിക്കാരന് പി.ഐ.ഒ. നൽകിയ മറുപടി ലഭിച്ചിട്ടില്ലെന്ന് അറിയിച്ചതിനെ തുടർന്ന് ആയതിന്റെ പകർപ്പ് 30.8.2022-ന് തന്നെ നേരിട്ട് നൽകുകയും ചെയ്തിട്ടുള്ളതുമാണ് എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയൽ നമ്പറിൽ വ്യത്യാസമുണ്ടോ എന്ന് പരിശോധിച്ച് അറിയിക്കുവാൻ സമയം അനുവദിക്കുകയും എന്നാൽ പിന്നീട് കക്ഷി ഹാജരാവാതിരുന്നതിനാലാണ് ഒന്നാം അപ്പീൽ സമയബന്ധിതമായി തീർപ്പാക്കാതിരുന്നതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെയും രണ്ടാം എതിർകക്ഷി നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കമ്മീഷന് ബോധ്യമാകുന്നത് അപേക്ഷകന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്നതിന് സാധ്യമായ സൂചന നമ്പറുകളോ ഫയൽ നമ്പറുകളോ മറ്റു സൂചനകളോ നൽകാൻ കഴിയുന്നില്ല എന്നാണ്. മേൽ വസ്തുതകൾ ബോധ്യപ്പെടുത്താനും, ടി വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കാനും അപേക്ഷകന് അവസരം നൽകിയതിൽ ടിയാൻ വ്യക്തമായ ഫയൽ നമ്പർ അറിയിക്കുന്ന

മുറയ്ക്ക് അപേക്ഷകന് പകർപ്പ് നൽകാം എന്ന് ഹർജിക്കാരന് ഉറപ്പ് നൽകി എന്നാണ് രണ്ടാം എതിർകക്ഷി സമർപ്പിച്ച ടി റിപ്പോർട്ടിൽ ബോധിപ്പിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ഈ ഹർജിയിൽ തുടർനടപടി ആവശ്യമില്ല എന്ന് കണ്ട് ലഭ്യമായ റിപ്പോർട്ട്/വിശദീകരണം അംഗീകരിക്കുന്നു

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 മാർച്ച് 9 ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി